# തേക്ക് മ്യൂസിയം


TEAK
MUSEUM
തേക്ക്
മ്യൂസിയം
KERALA FOREST
RESEARCH INSTITUTE
TEAK
MUSEUM
തേക്ക്

# തേക്ക് മ്യൂസിയം

## കെ.എസ്.സി.എസ്.ടി.ഇ - കേരള വനഗവേഷണ ഉപകേന്ദ്രം, നിലമ്പൂർ

*ടെക്റ്റോണ ഗ്രാൻഡിസ്* (കുടുംബം: വെർബെനേസീ) എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന തേക്ക് ലോകത്തിലെ ഉഷ്ണമേഖലാ വനങ്ങളിൽ സ്വാഭാവികമായി കാണപ്പെടുന്ന വൃക്ഷ ഇനങ്ങളുടെ കിരീടത്തിലെ ഒരു വലിയ രത്നമായി കണക്കാക്കപ്പെടുന്നു.





കരകൗശല വസ്തുക്കൾ മുതൽ കപ്പലുകളുടെ നിർമ്മാണത്തിനു വരെ ഉപയോഗിക്കാവുന്ന ലോകത്തിലെ ഏറ്റവും അനുയോജ്യമായ തടി ഉൽപ്പാദിപ്പിക്കുന്ന ഇനമാണ് തേക്ക്. തേക്ക് എന്ന ഈ അതുല്യമായ ഇനത്തിനായി പൂർണ്ണമായും സമർപ്പിച്ചിരിക്കുന്ന ഒരു പ്രദർശനാലയം (മ്യൂസിയം) 1995 മെയ് മാസത്തിൽ കേരള വനം വകുപ്പുമായി സഹകരിച്ച് കേരള വന ഗവേഷണ സ്ഥാപനം (കെ. എഫ്. ആർ. ഐ) അതിന്റെ ഉപകേന്ദ്രത്തിൽ സ്ഥാപിച്ചിരിക്കുന്നു. ഏകദേശം 180 വർഷങ്ങൾക്ക് മുമ്പ് ഈ ഇനത്തിന്റെ തോട്ടം പ്രവർത്തനങ്ങൾ ആരംഭിച്ച നിലമ്പൂരിലാണ് മ്യൂസിയം സ്ഥിതി ചെയ്യുന്നത്. ചരിത്രം, കൃഷി, പരിപാലനം, ഉപയോഗം, സാമൂഹിക-സാമ്പത്തികശാസ്ത്രം മുതലായവ ഉൾപ്പെടെ തേക്കിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിച്ച ലോകത്തിലെ ഇത്തരത്തിലുള്ള ആദ്യ മ്യൂസിയമാണിത്.


This QR code on Teak Museum is prepared by Dr. G.E. Mallikarjuna Swamy, Ms. P.K. Reshma, Mrs. Fasna Jamal and Mr. A.P. Nizarudheen of KSCSTE-Kerala Forest Research Institute Sub Centre, Nilambur





ഈ മ്യൂസിയത്തിൽ, പ്രദർശനങ്ങളിലൂടെയും അനുബന്ധ ഗ്രന്ഥങ്ങളിലൂടെയും, തേക്കിന്റെ ചരിത്രപരവും സൗന്ദര്യാത്മകവും ശാസ്ത്രീയവും സാംസ്കാരികവുമായ മൂല്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നു. ചരിത്രപരവും കലാപരവുമായ മൂല്യങ്ങളുടെ പ്രദർശനങ്ങൾ താഴത്തെ നിലയിലാണ് ഒരുക്കിയിരിക്കുന്നത്. ഒന്നാം നില കൂടുതലും ശാസ്ത്രീയ സ്വഭാവമുള്ള പ്രദർശനങ്ങൾക്കും വിവരങ്ങൾക്കുമായി നീക്കിവച്ചിരിക്കുന്നു. തേക്കിൽ ലോകസാഹിത്യമുള്ള ഒരു ലൈബ്രറിയും ഒപ്പം തേക്ക് തടിയിൽ നിർമിച്ച വസ്തുക്കളുടെ വിൽപനക്കായി ഒരു ക്യൂരിയോ ഷോപ്പും ഒരുക്കിയിട്ടുണ്ട്. മ്യൂസിയത്തിന് തൊട്ടരികിലായി ഒരു ഓഡിറ്റോറിയവും കാണാം.





This QR code on Teak Museum is prepared by Dr. G.E. Mallikarjuna Swamy, Ms. P.K. Reshma,
Mrs. Fasna Jamal and Mr. A.P. Nizarudheen of KSCSTE-Kerala Forest Research Institute Sub Centre, Nilambur





നടുമുറ്റത്തായി സൂക്ഷിച്ചിരിക്കുന്ന 55 വർഷം പഴക്കമുള്ള തേക്ക് മരത്തിന്റെ വിപുലമായ വേരുകളുടെ പ്രദർശനം നിങ്ങളെ മ്യൂസിയത്തിലേക്ക് സ്വാഗതം ചെയ്യുന്നു. മനോഹരമായി കൊത്തിയെടുത്ത തേക്ക് വാതിലിലൂടെ മ്യൂസിയത്തിൽ പ്രവേശിക്കുമ്പോൾ, സ്വാഭാവികമായി വളരുന്ന ഏറ്റവും പഴക്കം ചെന്ന തേക്കുമരങ്ങളിലൊന്നായ 'കന്നിമര' യുടെ ഒരു ചിത്രവും കാണാം. കേരളത്തിലെ പറമ്പിക്കുളം വന്യജീവി സങ്കേതത്തിലെ തേക്ക് തോട്ടത്തിലാണ് ‘കന്നിമര’ തേക്ക് സ്ഥിതി ചെയ്യുന്നത്.

This QR code on Teak Museum is prepared by Dr. G.E. Mallikarjuna Swamy, Ms. P.K. Reshma, Mrs. Fasna Jamal and Mr. A.P. Nizarudheen of KSCSTE-Kerala Forest Research Institute Sub Centre, Nilambur



സ്വീകരണ പീഠത്തിനോട് ചേർന്ന് സൂക്ഷിച്ചിരിക്കുന്ന തേക്ക് തടി കൊണ്ട് നിർമ്മിച്ച ഒരു പരമ്പരാഗത പത്തായം നിങ്ങളുടെ ശ്രദ്ധയാകർഷിക്കുന്നു..





മുന്നോട്ട് പോകുമ്പോൾ, കേരളത്തിൽ മലയാറ്റൂർ വന മേഖലയിലെ വനങ്ങളിൽ വളരുന്ന ഏറ്റവും വലിയ തേക്ക് മരത്തിന്റെ ഒരു അടിസ്ഥാന ഭാഗത്തിന്റെ യഥാർത്ഥ വലുപ്പത്തിലുള്ള മാതൃക നിങ്ങൾക്കിവിടെ കാണാൻ കഴിയും. 7.16 മീറ്റർ ചുറ്റളവുള്ള ഈ മരത്തിന് 38 മീറ്റർ ഉയരമുണ്ട്.

This QR code on Teak Museum is prepared by Dr. G.E. Mallikarjuna Swamy, Ms. P.K. Reshma,
Mrs. Fasna Jamal and Mr. A.P. Nizarudheen of KSCSTE-Kerala Forest Research Institute Sub Centre, Nilambur









'കൊനോലിസ് പ്ലോട്ടി' ലെ ഒരു ഭീമൻ തേക്ക് മരത്തിന്റെ ചിത്രവും ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. തേക്ക് തടിയാൽ നിർമ്മിച്ച ഉരുവിന്റെ ഒരു ചെറിയ മാതൃക, 'കന്നിമര തേക്കി'ന്റെയും പായ്ക്കപ്പലിന്റെയും ചിത്രങ്ങൾ എന്നിവയാണ് മറ്റ് ആകർഷണങ്ങൾ. നിലമ്പൂർ വന മേഖലയിലെ 'കനകൂത്ത്' വന പ്രദേശത്തു നിന്ന് വേർതിരിച്ചെടുത്ത 116 വർഷം പഴക്കമുള്ള തേക്ക് മരത്തിൽ നിന്നും ലഭിച്ച നാല് തേക്ക് തടികൾ 1860-കളുടെ തുടക്കത്തിലെ നടീൽ, മരം മുറിക്കൽ പ്രവർത്തനങ്ങൾ ചിത്രീകരിക്കുന്ന ഒരു അത്ഭുതകരമായ ചുമർചിത്രത്തിന്റെ പശ്ചാത്തലത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു.



This QR code on Teak Museum is prepared by Dr. G.E. Mallikarjuna Swamy, Ms. P.K. Reshma, Mrs. Fasna Jamal and Mr. A.P. Nizarudheen of KSCSTE-Kerala Forest Research Institute Sub Centre, Nilambur

തേക്കുതോട്ടങ്ങൾ ‘നേർപ്പിക്കുന്ന’ വേളയിൽ വേർതിരിച്ചെടുത്ത തേക്കിന്റെ തൂണുകൾ തൊട്ടടുത്തുള്ള ചതുർഭുജത്തിൽ ഭംഗിയായി ഒരുക്കിയിട്ടുണ്ട്. ഇത് വിവിധ തരം തേക്കുതണ്ടുകളെക്കുറിച്ചുള്ള ഒരു ധാരണ നൽകുന്നു. തുടക്കത്തിൽ രണ്ട് മീറ്റർ അകലത്തിലായാണ് തേക്ക് തോട്ടങ്ങൾ ക്രമീകരിക്കുന്നത്. മരങ്ങൾ വളരുന്നതിനനുസരിച്ച് തിരക്ക് അനുഭവപ്പെടുകയും വളർച്ചയ്ക്ക് കൂടുതൽ ഇടം നൽകുന്നതിന് 'നേർപ്പിക്കൽ' എന്നറിയപ്പെടുന്ന പ്രക്രിയയിലൂടെ മരങ്ങൾ തിരഞ്ഞെടുത്ത് നീക്കം ചെയ്യുകയും ചെയ്യുന്നു. നേർപ്പിക്കുന്നത് വഴി വ്യത്യസ്ത വലിപ്പത്തിലും ഗുണങ്ങളിലുമുള്ള തേക്ക് തൂണുകൾ ലഭിക്കുന്നു. കേരളത്തിൽ സാധാരണയായി 50 മുതൽ 60 വർഷം വരെയുള്ള ഭ്രമണ കാലഘട്ടത്തിൽ 5, 10, 15, 20, 30, 40, 50 വർഷങ്ങളിലായാണ് മരങ്ങൾ നേർപ്പിക്കുന്നത്. അടിത്തട്ടിൽ നിന്നും മൂന്ന് മീറ്റർ ഉയരത്തിലുള്ള പുറംതൊലിയുടെ ചുറ്റളവ്, നീളം, ഗുണമേന്മ എന്നിവയെ അടിസ്ഥാനമാക്കിയാണ് തൂണുകൾ തരംതിരിച്ചിരിക്കുന്നത്.





This QR code on Teak Museum is prepared by Dr. G.E. Mallikarjuna Swamy, Ms. P.K. Reshma,
Mrs. Fasna Jamal and Mr. A.P. Nizarudheen of KSCSTE-Kerala Forest Research Institute Sub Centre, Nilambur














**കോട്ടയം വന മേഖലയിലെ നഗരംപാറ വന പ്രദേശത്തു നിന്നും കൊണ്ടുവന്ന 480 വർഷം പഴക്കമുള്ള തേക്ക് മരത്തിന്റെ ഒരു വലിയ കുറ്റി (തണ്ടിന്റെ അടിഭാഗം) സന്ദർശകർക്ക് കൗതുകകരമായ ഒരു കാഴ്ചയാണ്. 1994 നവംബർ ഒന്നിന് വെട്ടിമാറ്റിയ തേക്കുമരത്തിന്റേതാണ് ഈ ഭാഗം.**

This QR code on Teak Museum is prepared by Dr. G.E. Mallikarjuna Swamy, Ms. P.K. Reshma,
Mrs. Fasna Jamal and Mr. A.P. Nizarudheen of KSCSTE-Kerala Forest Research Institute Sub Centre, Nilambur

# ഒന്നാം നില

തേക്കിനെക്കുറിച്ചുള്ള ശാസ്ത്രീയ വിവരങ്ങളും അനുബന്ധ വസ്തുക്കളും പ്രദർശിപ്പിക്കുന്നതിനായി മ്യൂസിയത്തിന്റെ ഒന്നാം നില നീക്കിവച്ചിരിക്കുന്നു. പൂവ്, വിത്ത്, സ്വാഭാവിക പുനരുജ്ജീവനം എന്നിവയെക്കുറിച്ചുള്ള വിശദമായ വിവരങ്ങളോടെയാണ് ഇത് ആരംഭിക്കുന്നത്. സമീപത്തെ മരങ്ങളെ അപേക്ഷിച്ച് രൂപശാസ്ത്രപരമായി ശ്രേഷ്ഠമായ വൃക്ഷങ്ങളുടെ സവിശേഷതകളും ഇവിടെ വിവരിച്ചിട്ടുണ്ട്. വിത്തുകളുടെ തരം തിരിക്കലും (ഗ്രേഡിംഗ്), അവ നന്നായി മുളയ്ക്കുന്നതിനായുള്ള പരിചരണ മാർഗ്ഗങ്ങളും ചിത്രീകരിച്ചിരിക്കുന്നു.

തേക്കിലെ സസ്യപ്രജനനത്തിന് അവലംബിച്ചിരിക്കുന്ന ടിഷ്യു കൾച്ചർ, ക്ലോണൽ പ്രൊപഗേഷൻ എന്നീ രണ്ട് രീതികൾ ചിത്രങ്ങളുടെ സഹായത്തോടെ അവതരിപ്പിച്ചിട്ടുണ്ട്. കൂടാതെ, വിത്ത് മുതൽ പക്വമായ മരത്തിലേക്കുള്ള തേക്കിന്റെ പൂർണ്ണമായ ഭ്രമണ ചക്രത്തിലെ ഘട്ടങ്ങളും കാണിക്കുന്നുണ്ട്.













This QR code on Teak Museum is prepared by Dr. G.E. Mallikarjuna Swamy, Ms. P.K. Reshma, Mrs. Fasna Jamal and Mr. A.P. Nizarudheen of KSCSTE-Kerala Forest Research Institute Sub Centre, Nilambur







തേക്ക് തോട്ടങ്ങളിൽ കാണപ്പെടുന്ന കീടങ്ങൾ, രോഗങ്ങൾ, ശരീരശാസ്ത്രപരമായ വൈകല്യങ്ങൾ തുടങ്ങി വിവിധ പ്രശ്നങ്ങളും അവയുടെ പ്രതിവിധികളും ഇവിടെ വിശദമായി അവതരിപ്പിച്ചിരിക്കുന്നു. തേക്ക് മരങ്ങൾ ഉൾപ്പെടുന്ന സ്വാഭാവിക വനങ്ങളിലും തോട്ടങ്ങളിലും ഉപയോഗപ്രദവും ദോഷകരവുമായ ധാരാളം പ്രാണികൾ ഉണ്ട്. അവയിൽ ചിലതിനെ ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നു. ഹാനികരമായ പ്രാണികളിൽ ഇല ഭക്ഷിക്കുന്ന ചിത്രശലഭപ്പുഴുകളായ *ഹിബ്ലേയ പ്യൂറ* (തേക്ക് ഡിഫോളിയേറ്റർ), *യൂടെക്റ്റോണ മച്ചെറാലിസ്* (തേക്ക് സ്കെലിട്ടോണൈസർ) എന്നിവയും ഉൾപ്പെടുന്നു. ഒപ്പം തന്നെ മറ്റൊരു ദോഷകരമായ കീടമായ തണ്ടുതുരപ്പനെ (*സഹ്യദ്രാസ്സസ് മലബാറിക്കസ്*) കുറിച്ചും വിശദമായി നൽകിയിട്ടുണ്ട്.






This QR code on Teak Museum is prepared by Dr. G.E. Mallikarjuna Swamy, Ms. P.K. Reshma,
Mrs. Fasna Jamal and Mr. A.P. Nizarudheen of KSCSTE-Kerala Forest Research Institute Sub Centre, Nilambur











ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള, വിവിധ പ്രായത്തിലുള്ള മരങ്ങളുടെ തടികൾ ഒരു പ്രത്യേക ആകർഷണം തന്നെയാണ്. തേക്ക് തടിയുടെ നാരുകളുടെ രേഖാംശ ക്രമീകരണം, നിറം, ഘടന എന്നിവയുൾപ്പെടെയുള്ള ഗുണങ്ങൾ കാണിക്കുന്നതിനായി തിരശ്ചീനം, സ്പർശരേഖ, വ്യാസാർദ്ധം എന്നീ തലങ്ങളിൽ മുറിച്ച തേക്ക് ഭാഗങ്ങൾ ഇവിടെ ഒരുക്കിയിരിക്കുന്നു. മാതൃകകളുടെയും ഛായാചിത്രങ്ങളുടെയും സഹായത്തോടെ തേക്ക് തടിയിലെ വൈകല്യങ്ങളും ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്.






This QR code on Teak Museum is prepared by Dr. G.E. Mallikarjuna Swamy, Ms. P.K. Reshma,
Mrs. Fasna Jamal and Mr. A.P. Nizarudheen of KSCSTE-Kerala Forest Research Institute Sub Centre, Nilambur









തേക്ക് പാകമാകാനും നല്ല തടി ഉൽപ്പാദിപ്പിക്കാനും വർഷങ്ങൾ ആവശ്യമാണ്. മറ്റ് തടികളെ അപേക്ഷിച്ച് കേരളത്തിലെ തേക്ക് തടികൾക്കുള്ള വിലനിലവാരം ഒരു രൂപരേഖയിൽ വിവരിച്ചിരിക്കുന്നു. മറ്റൊരു രൂപരേഖയിൽ തേക്ക് അതിന്റെ വ്യത്യസ്ത പ്രായത്തിലും നടുന്ന പ്രദേശങ്ങളുടെ ഗുണങ്ങളിലും നേടിയ വ്യാസ വളർച്ചയും വ്യക്തമായറിയാം.














This QR code on Teak Museum is prepared by Dr. G.E. Mallikarjuna Swamy, Ms. P.K. Reshma, Mrs. Fasna Jamal and Mr. A.P. Nizarudheen of KSCSTE-Kerala Forest Research Institute Sub Centre, Nilambur

തടി ഉൾപ്പെടെ തേക്ക് മരത്തിന്റെ വിവിധ ഭാഗങ്ങൾക്ക് ഔഷധ ഗുണങ്ങളുണ്ട്. ഛായാചിത്രങ്ങളുടെ സഹായത്തോടെ ഇത് വിശദീകരിക്കുന്നു. തേക്ക് തോട്ടങ്ങളുടെ വിജയകരമായ സ്ഥാപനത്തിന് പിന്നിൽ പ്രവർത്തിച്ച മഹാന്മാരുടെയും, അതുപോലെ തന്നെ ഭാരതത്തിൽ തോട്ട-വന സംരക്ഷണത്തിന്റെ വിത്ത് പാകിയ എച്ച്.വി. കനോലി, ശ്രീ. ചാത്തുമേനോൻ, ടി.എഫ്. ബോർഡില്ലൺ എന്നിവരുടെയെല്ലാം ഛായാചിത്രങ്ങൾ സന്ദർശകരെ ഒന്നര നൂറ്റാണ്ട് പിന്നിലെ ഗംഭീരമായ ഒരു കാലഘട്ടത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു






This QR code on Teak Museum is prepared by Dr. G.E. Mallikarjuna Swamy, Ms. P.K. Reshma,
Mrs. Fasna Jamal and Mr. A.P. Nizarudheen of KSCSTE-Kerala Forest Research Institute Sub Centre, Nilambur

# തേക്ക് മ്യൂസിയം

## ജൈവ വിഭവ ഉദ്യാനം

**കെ.എസ്.സി.എസ്.ടി.ഇ - കേരള വനഗവേഷണ ഉപകേന്ദ്രം, നിലമ്പൂർ**

**സന്ദർശനസമയം : 10.00 am മുതൽ 5.00 pm വരെ (തിങ്കൾ അവധി)**


കൂടുതൽ വിവരങ്ങൾക്ക്



**Scientist in charge**
KSCSTE- Kerala Forest Research Institute Sub Centre, Nilambur
Chandakkunnu P.O., 679329
Kerala, India
Phone: +91- 4931- 222846

**Director**
KSCSTE-Kerala Forest Research Institute
Peechi- 680653
Thrissur District, Kerala, India
Phone: +91- 4872- 690100
www.kfri.res.in







https://docs.kfri.res.in/bnp/Teak-Musesum-ml.pdf


This QR code on Teak Museum is prepared by Dr. G.E. Mallikarjuna Swamy, Ms. P.K. Reshma, Mrs. Fasna Jamal and Mr. A.P. Nizarudheen of KSCSTE-Kerala Forest Research Institute Sub Centre, Nilambur